Malayala Manorama
28/02/2020

# സ്വദേശി ശാസ്ത്ര കോൺഗ്രസിന് തുടക്കം

കാസർകോട് ● ശാസ്ത്ര സാങ്കേതിക മേഖലയിൽ ഇന്ത്യ നടത്തുന്ന പ്രവർത്തനങ്ങൾ ആഗോളതലത്തിൽ മാതൃകയാണെന്ന് കേന്ദ്രമന്ത്രി വി. മുരളീധരൻ. കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്ര (സിപിസിആർഐ)ത്തിൽ സ്വദേശി ശാസ്ത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച പപ്പായ കർഷകനുള്ള പുരസ്കാരം എ.എം.സുബ്രഹ്മണ്യനും പപ്പായ സംരംഭകത്വ സ്ഥാപനത്തിനുള്ള പുരസ്കാരം മലപ്പുറത്തെ പപ്പായിൻ സൊസൈറ്റിക്കും മന്ത്രി സമ്മാനിച്ചു. പ്രദർശനവും മന്ത്രി ഉദ്ഘാടനം ചെയ്തു. നാളെ സമാപിക്കും.

സിപിസിആർഐ, കേരള കേന്ദ്രസർവകലാശാല, സ്വദേശി ശാസ്ത്ര പ്രസ്ഥാനം എന്നിവ ചേർന്നാണു പരിപാടി സംഘടിപ്പിച്ചത്. സിപിസിആർഐയും കേരള ഫിഷറീസ് സർവകലാശാല(കുഫോസ്)യും സഹകരിക്കുന്നതിനുള്ള ധാരണാപത്രം കൈമാറി.

സ്വദേശി കോൺഗ്രസ് ഉപാധ്യക്ഷൻ ഡോ.കെ.മുരളീധരൻ അധ്യക്ഷനായി. കേന്ദ്ര സർവകലാശാല വൈസ് ചാൻസലർ പ്രഫ. ജി. ഗോപകുമാർ, ഡീൻ ഡോ. രാജേന്ദ്ര പിലാൻകട്ട, കുഫോസ് വൈസ് ചാൻസലർ പ്രഫ. എ.രാമചന്ദ്രൻ, ഐസിഎആർ ഡയറക്ടർ ഡോ. അനിത കരുൺ, വിജ്ഞാൻ ഭാരതി സെക്രട്ടറി വിവേകാനന്ദ പൈ, സ്വദേശി കോൺഗ്രസ് സെക്രട്ടറി ഡോ. എ.ആർ.എസ്.മേനോൻ എന്നിവർ പ്രസംഗിച്ചു. പി.പരമേശ്വരൻ അനുസ്മരണവും സംഘടിപ്പിച്ചിരുന്നു. ഡോ. വി.പി.എൻ.മേനോൻ ഉദ്ഘാടനം ചെയ്തു.